## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 445

27.02.2018 ൽ മറുപടിക്ക്

### വ്യവസായവകുപ്പിന് കീഴിലെ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ . ദാസൻ | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | 2017-18 ബഡ്ജറ്റിൽ വ്യവസായ വകുപ്പിന് കീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | കെൽട്രോണിന്റെ വികസനവുമായി ബന്ധപ്പെട്ട് ഉൽപ്പാദന രംഗത്ത് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | കെൽട്രോണിന്റെ വികസനത്തിനായി 2017-18-ൽ 6 പദ്ധതികൾക്കായി 10 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പ്ലാന്റുകളുടേയും പരിശോധനാ സംവിധാനങ്ങളുടേയും നവീകരണത്തിന് 270 ലക്ഷം രൂപയും, സ്പേസ് ഇലക്ട്രോണിക് സൗകര്യങ്ങളുടെ പ്രവർത്തനത്തിനും നവീകരണത്തിനുമായി 465 ലക്ഷം രൂപയും സോഫ്റ്റ് വെയർ സേവനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി 70 ലക്ഷം രൂപയും ഡിജിറ്റൽ പ്രോഗ്രാമബിൾ ഹിയറിംഗ് എയ്ഡുകളുടെ നിർമ്മാണത്തിനുള്ള നൂതന യന്ത്ര സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി 109 ലക്ഷം രൂപയും ഗ്രിഡ് ടൈ സോളാർ ഇൻവെർട്ടറുകളുടെ സാങ്കേതിക വിദ്യാ വികസനത്തിനായി 86 ലക്ഷം രൂപയുമാണ് പദ്ധതികൾക്കായി |

| | | | |
|---|---|---|---|
| | | | അനുവദിച്ചിരിക്കുന്നത്.<br>2018-19 ൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സൗരോർജ്ജ പദ്ധതികൾക്കായുള്ള സോളാർ പാനലുകളുടെ നിർമ്മാണം.<br>2. സ്മാർട്ട് മീറ്റർ നിർമ്മാണം.<br>3. ലാപ് ടോപ്പ് കമ്പ്യൂട്ടറുകളുടെ നിർമ്മാണം.<br>4. പ്രതിരോധ ഇലക്ട്രോണിക്സ് മേഖലയിൽ കൂടുതൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ പ്ലാന്റ് നവീകരണം.<br>5. മത്സ്യതൊഴിലാളികളുടെ സുരക്ഷയ്ക്കായുള്ള 'നാവിക്' ഉപകരണത്തിന്റെ നിർമ്മാണം.<br>6. സ്മാർട്ട് സിറ്റി പദ്ധതികളിലേയ്ക്കുള്ള ഓട്ടോമാറ്റിക് ട്രാഫിക് മാനേജ്മെന്റ്, സ്മാർട്ട് ലൈറ്റിംഗ് , ഇന്റഗ്രേറ്റഡ് സെക്യൂരിറ്റി സർവൈലൻസ് തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ നടപ്പിലാക്കൽ. |
| (സി) | കെൽട്രോൺ മൂടാടി യൂണിറ്റിന്റെ വികസനം ആവശ്യപ്പെട്ട് സമർപ്പിച്ച വിശദമായ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നറിയിക്കാമോ? | (സി) | കെൽട്രോൺ മൂടാടി യൂണിറ്റിന്റെ വികസനം ആവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനം സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, കെൽട്രോൺ മൂടാടി യൂണിറ്റിന്റെ വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ 1.09 കോടി രൂപ വകയിരുത്തുകയുണ്ടായി. യൂണിറ്റിലെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്, 2018 ജൂൺ മാസത്തോടുകൂടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിഫ്ലോ സംവിധാനം (Reflow Setup) സജ്ജീകരിക്കാൻ സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ ഹിയറിംഗ് എയ്ഡ്, എൽ ഇ ഡി ലൈറ്റുകൾ എന്നിവയുടെ പൂർണ്ണമായ നിർമ്മാണനിര ഇതിലൂടെ രൂപീകരിക്കാനാകും. |

Bindu.T

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

2017-18 ബഡ്ജറ്റിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രഖ്യാപിച്ച പദ്ധതികൾ താഴെ പറയുന്നവയാണ്.

**1. കിൻഫ്ര വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

1. പാലക്കാട്, കാക്കനാട് എന്നിവിടങ്ങളിലെ ജലവിതരണ പദ്ധതികൾ
2. മട്ടന്നൂർ, തൊടുപുഴ, കളമശ്ശേരി, കഴക്കൂട്ടം, കൊല്ലം, എറണാകുളം, കാക്കഞ്ചേരി എന്നിവിടങ്ങളിലെ പാർക്കുകൾ
3. കാക്കഞ്ചേരിയിലെ 1.1 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇൻഡസ്ട്രിയൽ പാർക്ക്.
4. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര.

**2. കെ എസ് ഐ ഡി സി വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

1. വ്യവസായ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുവാനും അതുവഴി വ്യവസായ വളർച്ചയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ
2. മെന്ററിംഗിലൂടെ സംരംഭക സഹായം 3. എഞ്ചൽ ഫണ്ട് 4. ലൈഫ് സയൻസ് പാർക്ക് 5. ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക് 6. മെഗാ ഫുഡ് പാർക്ക് 7. വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലേയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം 8. ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് 9. വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ സ്ത്രീകൾക്കായുള്ള ആശ്രയ പദ്ധതികൾ

**3. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്**

2017-18 ബഡ്ജറ്റിൽ **കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ** ഖാദി മേഖലയിൽ പുതുതായി 5000 പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുവേണ്ടി **ഖാദിഗ്രാമം** എന്ന പദ്ധതി പ്രഖ്യാപിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു.

**4. RIAB വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി 270 കോടി രൂപയുടെ പദ്ധതികളാണ് റിയാബ് വഴി നടപ്പിലാക്കുന്നത്.

**5. കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടറേറ്റ്**

1. നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ ഐ ഐ എച്ച് ടി മുഖേന ആവശ്യമനുസരിച്ച് പരിജ്ഞാനം ലഭിച്ച ഡിസൈനർമാരെ, നെയ്ത്തുകാരെ സഹായിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തെയ്ക്ക് നിയോഗിക്കുന്ന പദ്ധതി
2. ഒരു വീട്ടിൽ ഒരു തറി പദ്ധതി.

**6. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

1) ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി.
2) സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രീയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.
3) ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി
4) എം.എസ്.എം.ഇ.കൾക്ക് ഇൻഷുറൻസ് പദ്ധതി.

Bindu T
സെക്ഷൻ ഓഫീസർ